(സി) ഓരോ റേഷൻ കാർഡുടമയ്ക്കും അവരവരുടെ വരുമാനം രേഖപ്പെടുത്തി കൊണ്ടുള്ള ഡിക്ലറേഷൻ തരികയാണോ ചെയ്യുന്നത്;

(ഡി) നിലവിലുള്ള ബി.പി.എൽ. റേഷൻ കാർഡുകാരുടെ കൂട്ടത്തിൽ ഉയർന്ന ഉദ്യോഗസ്ഥന്മാരും ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം ലവലിലുള്ള ഉദ്യോഗസ്ഥന്മാരാണ് ഉൾപ്പെട്ടിട്ടുള്ളത്;

(എഫ്) കള്ളവായി ബി.പി.എൽ. റേഷൻ കാർഡുടമകളായവരുടെ മേൽ എന്ത് നടപടി എടുക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) ബി.പി.എൽ. കാർഡുടമകളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു സത്യപ്രസ്താവന ഫാറം തയ്യാറാക്കി എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും നൽകിയിട്ടുണ്ട്. കാർഡുടമകൾ എഴുതി സമർപ്പിക്കുന്ന ഈ സത്യപ്രസ്താവന 5-1-06-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 04/06/ടസിസമുകവ പ്രകാരം പുറപ്പെടുവിച്ച മാർഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച ശേഷം അനർഹരായ ബി.പി.എൽ. കാർഡുടമകളെ കണ്ടുപിടിച്ച് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അതെ.

(ഡി) ഉണ്ട്.

(ഇ) ബി.പി.എൽ. ലിസ്റ്റിൽ ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം), അദ്ധ്യാപകർ, ഉയർന്ന വരുമാനക്കാർ തുടങ്ങി ഉന്നത നിലയിലുള്ള ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(എഫ്) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഈ കാർഡുകൾ പരിശോധിച്ച് അനർഹരായ കുടുംബങ്ങളെ ബി.പി.എൽ. വിഭാഗത്തിൽ നിന്നും ഒഴിവാക്കാൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

കോർപ്പറേഷൻ നെല്ല് സംഭരണം വഴി ഉണ്ടായ നഷ്ടം

133 [446] ശ്രീ. എം. എം. ഹസ്സൻ:
,, കെ. സി. ജോസഫ്:
,, പി. ജെ. ജോയി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണം തുടങ്ങിയശേഷം ഇതുവരെ എത്ര നെല്ല് സംഭരിച്ചു;

(ബി) ഇതിൽ നിന്നും എത്ര ടൺ അരി കിട്ടി;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ അരി റേഷൻകടവഴി വിതരണം ചെയ്തപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് എന്തെങ്കിലും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇതുവരെ 1135077.50 ക്വിന്റൽ നെല്ല് സംഭരിച്ചു.

(ബി) ഇതിൽനിന്നും ഇതുവരെ 52725.76 മെട്രിക് ടൺ അരി വിതരണം ചെയ്തു.

(സി) സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

കോർപ്പറേഷൻ സംഭരിച്ച നെല്ല് അരിയാക്കുന്നതിന് നടപടി

134 [447] ശ്രീ. കെ. എം. ചന്ദ്രൻ:

" ജോർജ് ജെ. മാത്യു:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ല് അരിയാക്കുന്നതിനായി എത്ര മില്ലുകൾക്കാണ് നൽകിയത്;

(ബി) ഒരു ക്വിന്റൽ നെല്ല് കുത്തിയപ്പോൾ എത്ര അരി കിട്ടി;

(സി) ഏതെങ്കിലും മില്ലുടമകൾ കോർപ്പറേഷൻ നൽകിയ നെല്ല് കുത്തി കാളിറ്റി കുറഞ്ഞ അരി നൽകിയതായി കണ്ടെത്തുകയുണ്ടായോ;

(ഡി) ഈ നെല്ല് സംസ്കരിച്ച് കിട്ടുന്ന അരി റേഷൻ കടയിലൂടെ വിറ്റപ്പോൾ ബി.പി.എൽ. കാർഡുടമകൾക്ക് മാത്രമാണോ നൽകിയത്;

(ഇ) റേഷൻ കടകൾക്ക് നൽകിയ അരി തന്നെയാണോ കാർഡുകാർക്ക് നൽകിയതെന്ന് ഉറപ്പാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ല് അരിയാക്കുന്നതിനായി 22 മില്ലുകളുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ബി) ഒരു ക്വിന്റൽ നെല്ല് കുത്തിയപ്പോൾ 68 കിലോഗ്രാം അരി കിട്ടി.

(സി) ഉണ്ട്. സെന്റ് സെബാസ്റ്റ്യൻസ് മോഡേൺ റൈസ് മിൽ കാളിറ്റി കുറഞ്ഞ അരി വിതരണം ചെയ്തത് കണ്ടെത്തുകയും 387/05-ാം നമ്പർ ആയി 5-11-2005-ൽ കട്ടപ്പന പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly